**Mar Joseph Srampickal**
Bishop, Catholic Syro-Malabar Eparchy of Great Britain

Bishop's Office
Our Lady of Rosary and St. Terese of Lisieux Church,
141, Parkfield Road
Saltley, Birmingham
United Kingdom
B8 3BB
Email: bishop@csmegb.org

Circular 5/2022 16 June 2022

## 6 -ാം വാത്സിങ്ങാം തീർത്ഥാടനം 2022 ജൂലൈ 16 -ന്

മിശിഹായിൽ സ്നേഹം നിറഞ്ഞ സഹോദരീസഹോദരന്മാരേ,

ഇംഗ്ലണ്ടിലെ വിവിധ ക്രൈസ്തവ സമൂഹങ്ങൾ ആവേശത്തോടെ പ്രാർത്ഥനാപൂർവം അണിനിരക്കുന്ന തീർത്ഥാടനമാണ് വാത്സിങ്ങാമിലേക്കുള്ളത്. ഈ വർഷം നമ്മുടെ രുപതയ്ക്കായി നിശ്ചയിച്ചു നല്കിയിരിക്കുന്നത് ജൂലൈ 16 ശനിയാഴ്ചയാണ്. മരിയഭക്തിയിൽ എല്ലാവർക്കും മുമ്പിലാണ് നാം. ജപമാലയിലൂടെ മിശിഹാ രഹസ്യങ്ങളെ അനുദിനം ധ്യാനികുന്നവരാണ് നമ്മൾ . നമ്മുടെ രൂപത പരിശുദ്ധ അമ്മയുടെ പാപമില്ലാത്ത ഹൃദയത്തിന് പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ളതാണ്. ഇത്തവണത്തെ തീർത്ഥാടനം ജൂലൈ 16 -ന് പരിശുദ്ധ കർമ്മലമാതാവിന്റെ തിരുനാൾ ദിനത്തിൽ ലഭിച്ചത് തികച്ചും അനുഗ്രഹീതമായി കരുതാം. മിശിഹായിലേക്കു വിരൽ ചൂണ്ടുന്ന, എപ്പോഴും ദൈവത്തിന്റെ ഹിതത്തിന് ആമ്മേൻ പറയുന്ന, നമ്മുടെ സംരക്ഷകയായ മറിയത്തിന് നന്ദി പറഞ്ഞുകൊണ്ട് വാത്സിങ്ങാം തീർത്ഥാടനം നടത്തി ഇക്കുറി നമ്മുക്ക് കർമ്മലമാതാവിന്റെ തിരുനാളാഘോഷിക്കാം. നമ്മുടെ രൂപത സ്ഥാപിതമായതിന്റെ ആറാം വാർഷികവും ഇതോടൊപ്പം നാം ആചരിക്കുകയാണ്. എല്ലാ വിപരീത സാഹാചര്യങ്ങളിലും വിശ്വാസത്തിന്റെ സാക്ഷികളാകാനുള്ള ഉത്തരവാദിത്വം നമുക്ക് മറക്കാതിരിക്കാം. കൂടുതൽ കരുത്തോടെ സത്യവിശ്വാസത്തിന്റെ സജീവ ദൃഷ്ടാന്തങ്ങളാകുവാൻ ഈ കാലഘട്ടത്തിൽ നമുക്ക് കഴിയണം. വാത്സിങ്ങാം തീർത്ഥാടനത്തിന് നേതൃത്വവും ആതിഥേയത്വവും നല്കുന്ന കേംബ്രിഡ്ജ് റീജിയണിലെ എല്ലാ വൈദികരേയും സമർപ്പിതരേയും വിശ്വാസ സമൂഹത്തേയും പ്രത്യേകമായി അനുമോദിക്കുകയും ദൈവകരുണയ്ക്കായി സമർപ്പിക്കുകയും ചെയ്യുന്നു. ഈ തീർത്ഥാടനത്തിൽ അണിചേർന്ന് നമ്മുടെ രൂപതയുടെ വളർച്ചയുടെ വഴിയിൽ കൈകോർത്തു നിൽക്കുവാൻ എല്ലാവരെയും സ്നേഹപൂർവം ക്ഷണിക്കുന്നു.

### Timetable of the day

09:30 am -Rosary and Adoration

11:00 am -Marian Talk: Rev Fr Joseph Edattu VC
(Director, Divine Retreat Centre, Ramsgate)

12:00 noon -Lunch break & മാതാവിന് അടിമ വയ്ക്കൽ

12:45 pm -പ്രസുദേന്തി വാഴിക്കൽ

1:00 pm -പ്രദക്ഷിണം

2:00 pm -വിശുദ്ധ കുർബാന

4:30 pm -Departure

പരിശുദ്ധ അമ്മ വഴി ലഭിച്ച അനുഗ്രഹങ്ങൾക്ക് കൃതജ്ഞതയായി നേർച്ച കാഴ്ചകൾ അർപ്പിക്കാനാഗ്രഹിക്കുന്നവർക്ക് ഈ വർഷം മുതൽ വാത്സിങ്ങാം തീർത്ഥാടനത്തിൽ പ്രസുദേന്തിയാകാനുള്ള (£100/- per person) അവസരമുണ്ട്. പ്രസുദേന്തി അകുവാൻ സാധിക്കുന്ന ഏവരും താഴെകൊടുത്തിരിക്കുന്ന ഗൂഗിൾ ഫോം 2022 ജൂലൈ 11 -ന് മുൻപായി പൂരിപ്പിച്ച് സമർപ്പിക്കേണ്ടതാണ്. അവരുമായി സംഘാടകർ നേരിട്ട് ബന്ധപ്പെടുന്നതാണ്.

https://docs.google.com/forms/d/e/1FAIpQLSc1RGMxD88pLXN2xDhU3Ltybf1pGB5BXVv-qRs-qH2bPz8dBQ/viewform?usp=sf_link

കോവിഡ് അനുബദ്ധ നിയന്ത്രണങ്ങൾ പ്രത്യക്ഷത്തിലില്ലെങ്കിലും ഒരു മുൻകരുതലെന്നപ്പോലെ വാത്സിങ്ങാം തീർത്ഥാടന കേന്ദ്രത്തിൽ നിന്ന് നൽകപ്പെട്ടിരിക്കുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് തീർത്ഥാടനത്തിന് വരാനാഗ്രഹിക്കുന്നവർ താഴെ കൊടുത്തിരിക്കുന്ന ലിങ്ക് ഉപയോഗിച്ച് 2022 ജൂലൈ 11-ന് മുൻപായി പേരുകൾ രജിസ്റ്റർ ചെയേണ്ടതാണ്.

https://www.eventbrite.co.uk/e/syro-malabar-pilgrimage-to-walsingham-tickets-356338276377

നിങ്ങളെയെല്ലാവരെയും നമ്മുടെ കർത്താവായ ഈശോ മിശിഹാ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,



മാർ ജോസഫ് സ്രാമ്പിക്കൽ
ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപതാ മെത്രാൻ

---

**NB**: ഈ സർക്കുലർ ഗ്രേറ്റ് ബ്രിട്ടണിൽ സീറോ മലബാർ കുർബാന അർപ്പിക്കപ്പെടുന്ന എല്ലാ സമൂഹങ്ങളിലും 2022 ജൂലൈ 11 -ന് മുമ്പായി വായിക്കേണ്ടതാണ്.